സ്ഥാപനങ്ങൾ ആർജ്ജിച്ചതുമായ ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് മെയിന്റനൻസ് ഗ്രാന്റും പൊതു ആവശ്യങ്ങൾക്കായി ജനറൽ പർപ്പസ് ഗ്രാന്റും നൽകുന്നുണ്ട്. രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ 5.5 ശതമാനം തുക മെയിന്റനൻസ് ഗ്രാന്റായും 3.5 ശതമാനം തുക ജനറൽ പർപ്പസ് ഗ്രാന്റായും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിയേതര ഗ്രാന്റുകളായി നൽകി വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയ അക്കൗണ്ട് റൂൾ നടപ്പാക്കി.

(സി) സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾ, അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ, സ്പെഷ്യൽ സ്കൂളുകൾ എന്നിവ 3-1-2006-ലെ സ. ഉ (സാ) നം. 512/06/പൊ. വി. വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. കൈമാറിയിട്ടുള്ള സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ, നടത്തിപ്പ് എന്നിവയ്ക്കുള്ള ചെലവുകൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മെയിന്റനൻസ് ഗ്രാന്റ്, പൊതു ആവശ്യ ഗ്രാന്റ് എന്നീ നോൺ പ്ലാൻ ഗ്രാന്റുകളിൽ നിന്നും പുതുതായി ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിന് പ്ലാൻ ഗ്രാന്റിൽ നിന്നും ചെലവ് വഹിച്ചുവരുന്നു. കൈമാറ്റം ചെയ്ത സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റ് അലവൻസുകളും ഇപ്പോഴും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് തന്നെയാണ് നൽകുന്നത്.

കയർ മേഖലയിൽ നടപ്പാക്കിയ ആധുനികവൽക്കരണം

8 [*89] ശ്രീ. കെ. കെ. ഷാജു:
,, ഉമേഷ് ചള്ളിയിൽ:
,, എ. എൻ. രാജൻ ബാബു:
,, ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് കയർ മേഖലയിൽ നടപ്പാക്കിയ ആധുനികവൽക്കരണ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കയർ കയറ്റുമതി രംഗത്തെ പുരോഗതി വിശദമാക്കാമോ;

(സി) കയർ മേഖലയുടെ സമഗ്രമായ പരിഷ്കരണത്തിന് എന്തൊക്ക പുതിയ പദ്ധതികളാണ് ആവിഷ്കരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) കയർ മേഖലയിൽ നടപ്പാക്കിയ ആധുനികവൽക്കരണ പദ്ധതികളുടെ വിശദാംശം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്. †

(ബി) കഴിഞ്ഞ 9 വർഷത്തെ ഇൻഡ്യയിൽ നിന്നുള്ള കയറ്റുമതി കണക്കുകൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. † കയർ പിത്തിന്റെ കയറ്റുമതി മുൻ വർഷങ്ങളേക്കാൾ ഗണ്യമായി വർദ്ധിച്ചതായി കാണാം. കയർ ഫൈബർ, കയർ പിത്ത്,

† അനുബന്ധം VI, VI (എ)

LIBRARY ARCHIVES Kerala Legislative Assembly

ഹാന്റ് ലൂം മാറ്റ്, പവർ ലൂം മാറ്റ്, ടഫ്ടട് മാറ്റ്, റബ്ബറൈസ്ഡ് കയർ എന്നിവയുടെ കയറ്റുമതി 2004-05-ൽ 2003-04 വർഷത്തേക്കാൾ കൂടുതലായിരുന്നു. എന്നാൽ curled കയർ, കയർ റോപ്പ്, കയർ യാൺ, കയർ ജിയോ ടെക്സ്റ്റയിൽസ്, കയർ റഗ്, ഹാന്റ് ലൂം മാറ്റിംഗ്സ്, പവർ ലൂം മാറ്റിംഗ്സ് എന്നിവയുടെ കയറ്റുമതി 2004-05-ൽ 2003-04 വർഷത്തേക്കാൾ കുറവായിരുന്നു.

(സി) കയർ മേഖലയുടെ പരിഷ്കരണത്തിന് നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ വിവരണം അനുബന്ധം 3-ൽ ചേർത്തിട്ടുണ്ട്. †

മാലിന്യ നിർമ്മാർജ്ജനം

9 [*140] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു നിരത്തുകളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുന്നതിനായി, മാലിന്യ നിർമ്മാർജ്ജനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനങ്ങളെയും തല്പരരാക്കുന്നതിന് ഉതകുന്ന നിയമ നിർമ്മാണത്തിന് ഗവൺമെന്റ് തയ്യാറാകുമോ;

(ബി) പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ നിരോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അത് കർശനമായി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):

(എ) 1986-ലെ കേന്ദ്ര പരിസ്ഥിതി സംരക്ഷണ ആക്റ്റിലെ 3, 6, 25 സെക്ഷനുകളനുസരിച്ച് കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള മുനിസിപ്പൽ സോളിഡ് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റിലിംഗ്) റൂൾസ് 2000 പ്രകാരം സംസ്ഥാനത്ത് ഖരമാലിന്യ നിർമ്മാർജ്ജനത്തിന് നിയമം നിലവിലുണ്ട്. കൂടാതെ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 340, 341 അനുസരിച്ച് മാലിന്യങ്ങൾ പൊതു സ്ഥലങ്ങളിൽ നിക്ഷേപിക്കുവാൻ പാടുള്ളതല്ല. മാത്രമല്ല കേരള വികസന പദ്ധതിയുടെ ഭാഗമായി 2004 ജനുവരി 1 മുതൽ ഒരു മാസക്കാലം ക്ലീൻ കേരള മാസമായി ആചരിക്കുകയുണ്ടായി. മാലിന്യ നിർമ്മാർജ്ജനത്തിനെ സംബന്ധിച്ച് ജനങ്ങളുടെ മനോഭാവ ശീലം മാറ്റിയെടുക്കുന്നതിലേക്കായുള്ള വിപുലമായ പ്രചരണ പരിപാടികൾ ക്ലീൻ കേരള പ്രോജക്ടിന്റെ ഭാഗമായി നടന്നു വരുന്നുണ്ട്.

(ബി) 30 മൈക്രോൺ വരെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിർമ്മാണം, സംഭരണം, വിൽപ്പന, വിനിയോഗം, കടത്തിക്കൊണ്ടുപോകൽ എന്നിവയ്ക്ക് 1-9-2003 മുതൽ സംസ്ഥാനത്ത് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്ലാസ്റ്റിക് നിരോധനത്തിനുള്ള സമഗ്ര നിയമ നിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) നിരോധിച്ച പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഉപയോഗിക്കാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

† അനുബന്ധം V I (ബി)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം—VI

16-2-2006-ലെ നക്ഷത്രചിഹ്നമിട്ട 8 [139]-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക

ഏറ്റവും കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്ന ഒരു പരമ്പരാഗത വ്യവസായമെന്ന നിലയിൽ സർക്കാർ ഈ വ്യവസായത്തിന് മുന്തിയ പരിഗണനയാണ് നൽകി വരുന്നുത്.

1. ചകിരിക്ഷാമവും ഗവേഷണ പ്രവർത്തനത്തിന്റെ കുറവുമാണ് കയർ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ. ഇത് പരിഹരിക്കുന്നതിനായി സ്വകാര്യ മേഖലയിൽ സ്ഥാപിക്കുന്ന യന്ത്രവൽകൃത ചകിരി മില്ലുകൾക്ക് 50% (10 ലക്ഷം വരെ) സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കി. കയർഫെഡിലും, കയർ കോർപ്പറേഷനിലും, ഫോംമാറ്റിംഗ്സിലും 350 ലക്ഷം രൂപ മുതൽ മുടക്കിൽ Raw Material Bank സ്ഥാപിക്കുക വഴി കയർ പിരി തൊഴിലാളികൾക്ക് ന്യായമായ വിലയിൽ ചകിരി ലഭ്യമാക്കാൻ സാധിച്ചു. കയർ പിത്ത് കുന്നുകൂടി ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നം പരിഹരിക്കാൻ അതിനെ മൂല്യവർദ്ധിത ഉൽപ്പന്നമാക്കി മാറ്റാനുള്ള പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

2. ഇന്ന് കേരളത്തിലെ കയർ വ്യവസായ യൂണിറ്റുകളിൽ ഉൽപ്പാദനം നടത്തുന്നത് കയറിനൊപ്പം ജ്യൂട്ടും ഉപയോഗിച്ചു കൊണ്ടാണ്. ജ്യൂട്ടിന്റെ ഉപയോഗം വർഷം തോറും വർദ്ധിച്ചു വരുന്നതായാണ് കാണുന്നത്. കേരളത്തിൽപ്പോലും കയറിന് ജ്യൂട്ട് ഫൈബറിനോട് മത്സരിച്ച് പിടിച്ചുനിൽക്കാൻ പറ്റാത്ത ഒരവസ്ഥയാണ്. കോട്ടനും ജ്യൂട്ടും പോലെ തന്നെ ഇൻഡ്യയിലുള്ള ഒരു പ്രകൃതിദത്ത നാരാണ് നാളികേരത്തിൽ നിന്നുള്ള ചകിരി. എന്നാൽ ചകിരിയുടെ കാര്യത്തിലാണെങ്കിൽ കയർ, മാറ്റ്സ്, മാറ്റിംഗ്സ് എന്നീ മൂന്ന് പ്രധാന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നത് കേന്ദ്രീകരിച്ചുകൊണ്ടുള്ള ചുരുങ്ങിയ തോതിലുള്ള ഗവേഷണം മാത്രമാണ് കയർ ബോർഡ് വഴി ഈ 50 വർഷം കഴിഞ്ഞിട്ടും ചെയ്തുവന്നിട്ടുള്ളത്. ആ രംഗത്തും കയറിനു പകരം ചണം ആധിപത്യം സ്ഥാപിച്ചു വരികയാണ്. പ്രകൃതിദത്തമായ ചകിരിനാരിന്റെ അനന്തസാദ്ധ്യതകൾ അറിയാനും അതിന്റെ തനതായ ഗുണങ്ങൾ മനസ്സിലാക്കി വ്യാവസായികാവശ്യത്തിനുള്ള വിവിധതരം ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാനും ഇന്നത്തെ കയർ വ്യവസായത്തെ പുഷ്ടിപ്പെടുത്തേണ്ടതിനും വേണ്ട ഗവേഷണങ്ങൾ നടത്തുന്നതിന് ഒരു പ്രത്യേക സംവിധാനം ആവശ്യമായി വന്നിരിക്കുകയാണ്. അതിനാൽ കയർ വ്യവസായത്തിന്റെ എല്ലാവിധ വളർച്ചയെയും ലക്ഷ്യമാക്കിക്കൊണ്ട് ഒരു ദേശീയ കയർ റിസേർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചു.

3. സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സഹായം നൽകുന്നതിനോടൊപ്പം ഇവയിലെ അനുഭാവികളെ ഒഴിവാക്കി ഭരണം യഥാർത്ഥ തൊഴിലാളികളെ ഏൽപ്പിക്കാൻ നിയമത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നു. ഇങ്ങനെ കയർ സഹകരണ സംഘങ്ങളുടെ മോശമായ പ്രവർത്തനംമൂലം തൊഴിൽ നഷ്ടപ്പെട്ടത് പ്രധാനമായും കയർപിരി മേഖലയിലെ സ്ത്രീകൾക്കാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതിനാൽ അവരെ പുനരധിവസിപ്പിക്കുന്നതിനായി 6000 വനിതാ കയർ തൊഴിലാളികളുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ¼ HP മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ടുകളിൽ കയർ തൊഴിലാളികൾക്ക് പരിശീലനം നൽകി സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് അവർക്ക് സൗജന്യ നിരക്കിൽ റാട്ടും പണിശാലയും അത്യാവശ്യ പ്രവർത്തന മൂലധനവും നൽകി. 2005-06-ൽ 6000 തൊഴിലാളികൾക്കു കൂടി പരിശീലനം നൽകിയിട്ടുണ്ട്. പ്രധാനമന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് അനുവദിച്ച 6 കോടിയോളം വരുന്ന ധനസഹായം ഉപയോഗപ്പെടുത്തി. 18000 കയർ തൊഴിലാളികൾക്കുകൂടി റാട്ടുകൾ നൽകുന്നത് ഈ വർഷം മാർച്ച് മാസത്തോടെ നടപ്പാക്കും.

4. കയർ വ്യവസായത്തിന്റെ കയറ്റുമതിക്ക് ഊന്നൽ നൽകി കേന്ദ്ര സർക്കാർ ആലപ്പുഴ ജില്ലയ്ക്കായി Industrial Infrastructure Upgradation Scheme പ്രകാരം അനുവദിച്ച 56.8 കോടി രൂപയിൽ 14.2 കോടി രൂപ അനുവദിച്ചത് വിവിധ മേഖലയിലുള്ള വ്യവസായ യൂണിറ്റുകൾക്ക് നൽകാനുള്ള പദ്ധതി പൂർത്തിയായി. ഈ പദ്ധതി പൂർത്തിയാകുമ്പോൾ 23000 പേർക്ക് പ്രത്യക്ഷമായും അത്രയും പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാകും.

5. വയലാറിലും പെരുമണ്ണിലും ഓരോ കയർ ഗ്രാമങ്ങൾ സ്ഥാപിക്കാൻ 29 ലക്ഷം രൂപ വീതം നൽകി. ലഭ്യമായ വിഭവങ്ങളും ശ്രോതസ്സുകളും ഉപയോഗിച്ച് ഗ്രാമത്തെ സ്വയംപര്യാപ്തമാക്കാനായി ലക്ഷ്യമിട്ടിട്ടുള്ള ഈ പദ്ധതി ടൂറിസം വകുപ്പുമായി ബന്ധപ്പെടുത്തും. 600 പേർക്ക് തൊഴിൽ നൽകാനുതകുന്ന രണ്ട് പദ്ധതികൾക്കും തുടക്കം കുറിച്ചു.

6. കയർ ഭൂവസ്ത്ര വികസനം ലക്ഷ്യമിട്ട് 419 ലക്ഷം രൂപയുടെ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

7. കയർ വ്യവസായ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനായി 286.47 ലക്ഷം രൂപയുടെ ധനസഹായം അനുവദിച്ചു.

8. കെട്ടിക്കിടന്ന കയറും കയറുൽപ്പന്നങ്ങളും സംഭരിക്കുന്നതിനും വിറ്റഴിക്കുന്നതിനായി 8 കോടി രൂപ കയർഫെഡിനും കയർ കോർപ്പറേഷനുമായി അനുവദിച്ചു. കയർ മേഖലയിലെ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും വിപണിയിൽ ആവശ്യമുള്ളപ്പോൾ ഇടപെടുന്നതിനും ഇത് സഹായിച്ചു.

9. ചെറുകിട കയർ ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങൾക്കായുള്ള പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള ധനസഹായ പദ്ധതി നടപ്പിലാക്കിവരുന്നു.

10. ഗുണനിലവാരം ഉയർത്തുന്നതിനായി കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് സഹായം നൽകി. സഹകരണ സംഘങ്ങളിലെ ഉൽപ്പന്നങ്ങൾ ആകർഷകമാക്കുന്നതിനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സാദ്ധ്യമായി.

11. മാർക്കറ്റ് ഓറിയന്റഡ് പ്രൊഡക്ട് ഡവലപ്പ്മെന്റ് പദ്ധതി പ്രകാരം കയർ കോർപ്പറേഷനിലും കയർ ഫെഡിലും ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിലും

പവർലൂമുകളും മറ്റ് ആധുനിക യന്ത്രങ്ങളും സ്ഥാപിക്കുന്നതിനും കയറിന് ബ്രാന്റ് ഉണ്ടാക്കുന്നതിനും മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് ഗുണമേന്മ അംഗീകാരം ലഭ്യമാക്കുന്നതിനും സ്വയംസഹായ സംഘങ്ങൾക്കും മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ഫിനിഷിങ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

12. പൊതുമേഖലാ സ്ഥാപനങ്ങൾ വഴി കയറിന്റേയും കയറുൽപ്പന്നങ്ങളുടേയും വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി ഉൽപ്പാദന വിപണന പ്രചോദനം (Production Marketing Incentive) എന്ന പദ്ധതി ആവിഷ്ക്കരിച്ചു കഴിഞ്ഞു.

13. പൊതുമേഖലാ സ്ഥാപനങ്ങൾക്കും സഹകരണ സംഘങ്ങൾക്കും പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിന് സഹായകമായ മാർജിൻ മണി വായ്പ പദ്ധതി നടപ്പിലാക്കി.

14. കയർ മേഖലയിലെ വികസനത്തിന് innovation നടത്തുന്നതിനും പുതിയ ഉൽപ്പന്നങ്ങൾ, മെഷിനറികൾ തുടങ്ങിയവ കണ്ടുപിടിക്കുന്നവരേയും പ്രോത്സാഹിപ്പിക്കാൻ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നു.

15. ICDP പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾ മുഖേന നൽകിയ യന്ത്രവൽകൃത റാട്ടുകളും ചകിരിമില്ലുകളും പ്രവർത്തക്ഷമമാക്കുന്നതിനും നഷ്ടപ്പെട്ട തൊഴിലവസരങ്ങൾ വീണ്ടും ലഭ്യമാക്കുന്നതിനും വിവിധ പദ്ധതികൾ നടപ്പിലാക്കി.

16. കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച റീജനറേഷൻ ഓഫ് ട്രഡീഷണൽ ഇൻഡസ്ട്രീസ് എന്ന പദ്ധതി പ്രകാരം 4 ക്ലസ്റ്ററുകൾ തുടങ്ങാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നു.

17. കയർ തൊഴിലാളികളുടെ വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി 18 കോടിയോളം രൂപ കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി ചെലവഴിച്ചു. 60000 തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.

18. പീഡിതവും നിഷ്ക്രിയവുമായ കയർ വ്യവസായ സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിന് ധനസഹായം നൽകിവരുന്നു. സംസ്ഥാനത്തെ, കയർ സഹകരണ സംഘങ്ങൾക്ക് കേന്ദ്ര സർക്കാരിന്റേയും സംസ്ഥാന സർക്കാരിന്റേയും സംയുക്ത സഹായത്തോടെ മാർക്കറ്റ് ഡവലപ്പ്മെന്റ് അസിസ്റ്റന്റ് പദ്ധതി (എം.ഡി.എ.) നടപ്പിലാക്കിവരുന്നു.

19. കയറ്റുമതി ഓർഡറുകൾ ലഭിക്കുന്നതിനായി കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെ ജർമ്മനിയിൽ നടക്കുന്ന ഡോമോടെക്സ് ഫെയറിൽ പങ്കെടുപ്പിക്കാറുണ്ട്. കൂടാതെ ഈ വർഷത്തെ പ്രസ്തുത ഫെയറിൽ സംസ്ഥാന പ്രതിനിധിയായി അഡീഷണൽ സെക്രട്ടറിയെയും പങ്കെടുപ്പിച്ചു.

20. കയർ സഹകരണ സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കുമായി എം.ഡി.എ. ഇനത്തിൽ 2000-01 മുതൽ 2005-06 വരെ 2237.18 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. റിബേറ്റ് ഇനത്തിൽ കുടിശ്ശികയുണ്ടായിരുന്ന 700 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം—VI (എ)

16-2-2006-ലെ നക്ഷത്രചിഹ്നമിട്ട 8 [139]-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക

EXPORT OF COIR AND COIR PRODUCTS FROM INDIA

YEAR : APRIL-MARCH.

Items	1996-97		1997-98		1998-99		1999-2000		2000-01	
	Q	V	Q	V	Q	V	Q	V	Q	V
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)
Coir Fibre	336.73	49.59	243 25	27.93	645.76	91.46	809.89	117.16	1053.98	148.18
Curled Coir	714.53	85.94	641.62	80.33	445.13	76.38	657.28	114.58	533.56	80.33
Coir Pith	467.88	51.69	754 99	87.76	2215.39	251.26	6501.60	562.78	9926.96	752.80
Coir Rope	77.89	21.68	92.07	24.51	211.20	59.25	286.63	73.42	482.12	145.21
Coir Yarn	13645.06	3263.18	15888.94	4123.65	16538.78	4827.41	13052.58	3738.42	14607.31	4187.49
Coir Geo Textiles	361.25	149.46	739 44	313.31	1207.55	546.91	1711.24	808.41	1402 30	625.38
Coir Rugs	2305.78	1705.15	1956.74	1441.55	2934.37	2300.56	2889.64	2259.63	2720.43	1958.64
Handloom Mats	20969 03	11343.72	20763.92	12339.40	21399.16	14610.12	24292.92	15688.72	24716.47	15917.67
Handloom Mattings	6282 92	3923.37	6794.99	4451.25	6465.77	4641.00	6238.55	4338.56	6323.37	4287.86
Powerloom Mats	18.95	8.58	178.30	85.16	115.19	65.20	1042.61	699.13	606.95	442.73
Powerloom Mattings	295.36	202.68	311.93	198.77	105.51	88.86	531.34	395.06	410 70	284.05
Tufted Mats	103.53	44.38	96.90	42.47	428.91	203.20	1567.69	793.77	3835.64	2104.17
Rubberised Coir	211 62	152.32	287.90	234.12	573 15	427.01	522.88	387.53	385.07	267.24
Coir other Sorts	578.42	256.52	1098.78	442.69	2204.15	1030.26	925.98	328.30	488.23	164.47
Total	46368.95	21258.26	49849.77	23892.90	55490.02	29218.88	61030.83	30305.47	67493 09	31366 22

Q—Quantity in Tonnes; V—Values in Rupees in Lakhs

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം—VI (എ) (തുടർച്ച)

Items	2001-02		2002-03		2003-04		2004-05	
	Q	V	Q	V	Q	V	Q	V
(1)	(12)	(13)	(14)	(15)	(16)	(17)	(18)	(19)
Coir Fibre	1010.30	122.13	1036.87	103.80	1120.75	142.44	1350.45	186.03
Curled Coir	572.52	80.63	492.37	80.05	76.54	14.02	69.00	11.97
Coir Pith	13725.65	1014.34	21064.19	1493.00	29179.35	1975.92	43420.54	3042.41
Coir Rope	348.64	108.04	332.40	102.05	308.88	111.46	299.67	116.91
Coir Yarn	13206.90	3728.60	11482.48	2996.78	12364.43	3498.71	10987.59	3358.16
Coir Geo Textiles	1752.05	780.13	2140.68	985.22	2599.54	1184.74	2323.19	1049.76
Coir Rugs	1329.97	1039.77	1327.08	932 41	1694.56	1071.36	1727.34	1002.64
Handloom Mats	26147.89	17009.85	33058.74	20711.80	36303.99	22133.69	40127.35	25129.27
Handloom Mattings	4423.27	2921 03	4772.63	3191.41	4545.56	2838.66	3518.90	2334.04
Powerloom Mats	686.51	458 19	954 85	585.52	1026.28	672.13	1433.22	931.16
Powerloom Mattings	274.05	226 08	183.16	111.78	309.04	215.44	188.94	138.92
Tufted Mats	7129.54	4112 36	6429.05	3434.74	11772.50	6359.52	16502.27	9499.05
Rubberised Coir	454.62	350.37	535.23	403 42	461.78	334.67	475.92	340.57
Coir other Sorts	272.90	106 81	372.86	138.55	490.21	196.90	502.40	199.38
Total	71334.81	32058.33	84182.59	35270.53	102253.41	40749.66	122926.78	47340.27

Q—Quantity in Tonnes; V—Values in Rupees in Lakhs

അനുബന്ധം—VI (ബി)

16-2-2006-ലെ നക്ഷത്രചിഹ്നമിട്ട 8 [139]-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക

കയർ മേഖലയുടെ സമഗ്രമായ പരിഷ്കരണത്തിന് നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ വിവരണം

ചകിരിക്ഷാമവും ഗവേഷണ പ്രവർത്തനത്തിന്റെ കുറവുമാണ് കയർ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ. ഇത് പരിഹരിക്കുന്നതിനായി സഹകാര്യ മേഖലയിൽ സ്ഥാപിക്കുന്ന യന്ത്രവൽകൃത ചകിരി മില്ലുകൾക്ക് 50% (10 ലക്ഷം രൂപ വരെ) സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കി. കയർഫെഡിലും കയർ കോർപ്പറേഷനിലും ഫോംമാറ്റിംഗ്സിലും 350 ലക്ഷം രൂപ മുതൽ മുടക്കിൽ Raw Material Bank സ്ഥാപിക്കുക വഴി കയർ പിരി തൊഴിലാളികൾക്ക് ന്യായമായ വിലയിൽ ചകിരി ലഭ്യമാക്കാൻ സാധിച്ചു. കയർ പിത്ത് കുന്നുകൂടി ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നം പരിഹരിക്കാൻ അതിനെ മൂല്യവർദ്ധിത ഉൽപ്പന്നമാക്കി മാറ്റാനുള്ള പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

ഇന്ന് കേരളത്തിലെ കയർ വ്യവസായ യൂണിറ്റുകളിൽ ഉൽപ്പാദനം നടത്തുന്നത് കയറിനൊപ്പം തന്നെ ജ്യൂട്ടും ഉപയോഗിച്ചുകൊണ്ടാണ്. ജ്യൂട്ടിന്റെ ഉപയോഗം വർഷംതോറും വർദ്ധിച്ചുവരുന്നതായാണ് കാണുന്നത്. ജ്യൂട്ടിന്റെ കാര്യത്തിലാണെങ്കിൽ വർഷങ്ങളായി ഐ.സി.എ.ആറിന്റെ നേതൃത്വത്തിൽ ഗവേഷണം നടത്തിവരുന്നതു കൊണ്ടും കേന്ദ്ര ടെക്സ്റ്റൈയിൽ മന്ത്രാലയത്തിൽ നിന്നും പ്രത്യേകം സബ്സിഡി ലഭിക്കുന്നതുകൊണ്ടും കേരളത്തിൽപോലും കയറിന് ജ്യൂട്ട് ഫൈബറിനോട് മൽസരിച്ച് പിടിച്ചുനിൽക്കാൻ പറ്റാത്ത ഒരവസ്ഥയാണ്. കോട്ടനും ജ്യൂട്ടും പോലെ തന്നെ ഇൻഡ്യയിലുള്ള ഒരു പ്രകൃതിദത്ത നാരാണ് നാളികേരത്തിൽ നിന്നുള്ള ചകിരി. എന്നാൽ ചകിരിയുടെ കാര്യത്തിലാണെങ്കിൽ കയർ, മാറ്റ്സ്, മാറ്റിംഗ്സ് എന്നീ മൂന്ന് പ്രധാന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നത് കേന്ദ്രീകരിച്ചുകൊണ്ടുള്ള ചുരുങ്ങിയ തോതിലുള്ള ഗവേഷണം മാത്രമാണ് കയർബോർഡ്വഴി ഈ 50 വർഷം കഴിഞ്ഞിട്ടും ചെയ്തുവന്നിട്ടുള്ളത്. ആ രംഗത്തും കയറിനുപകരം ചണം ആധിപത്യം സ്ഥാപിച്ചുവരികയാണ്. പ്രകൃതിദത്തമായ ചകിരിനാരിന്റെ അനന്തസാദ്ധ്യതകൾ അറിയാനും അതിന്റെ തനതായ ഗുണങ്ങൾ മനസ്സിലാക്കി വ്യാവസായികാവശ്യത്തിനുള്ള വിവിധതരം ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാനും ഇന്നത്തെ കയർ വ്യവസായത്തെ പുഷ്ടിപ്പെടുത്തേണ്ടതിനും വേണ്ട ഗവേഷണങ്ങൾ നടത്തുന്നതിന് ഒരു പ്രത്യേക സംവിധാനം ആവശ്യമായി വന്നിരിക്കുകയാണ്. അതിനാൽ കയർ വ്യവസായത്തിന്റെ എല്ലാവിധ വളർച്ചയേയും ലക്ഷ്യമാക്കിക്കൊണ്ട് ഒരു ദേശീയ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചു.

സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സഹായം നൽകുന്നതിനോടൊപ്പം ഇവയിലെ അനുഭാവികളെ ഒഴിവാക്കി ഭരണം യഥാർത്ഥ തൊഴിലാളികളെ ഏൽപ്പിക്കാൻ നിയമത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നു. ഇങ്ങനെ കയർ

LIBRARY ARCHIVES Kerala Legislative Assembly

സഹകരണ സംഘങ്ങളുടെ മോശമായ പ്രവർത്തനംമൂലം തൊഴിൽ നഷ്ടപ്പെട്ടത് പ്രധാനമായും കയർപിരി മേഖലയിലെ സ്ത്രീകൾക്കാണ്. അതിനാൽ അവരെ പുനരധിവസിപ്പിക്കുന്നതിനായി വനിതാ കയർ തൊഴിലാളികളുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ¼ HP മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ടുകളിൽ കയർ തൊഴിലാളികൾക്ക് പരിശീലനം നൽകി സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് അവർക്ക് സൗജന്യ നിരക്കിൽ റാട്ടും പണിശാലയും അത്യാവശ്യ പ്രവർത്തന മൂലധനവും നൽകുന്ന പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകി. 12000 തൊഴിലാളികൾക്ക് പരിശീലനം നൽകുകയും 8000 തൊഴിലാളികൾക്ക് ഇതുമൂലം തൊഴിലും ലഭ്യമായിട്ടുണ്ട്.

18000 കയർ തൊഴിലാളികൾക്ക് കയർപിരി മേഖലയിൽ ¼ HP മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ടു നൽകി സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് മഹിളാ കയർ യോജന പദ്ധതി പ്രകാരം റാട്ടുകൾ നൽകുന്നത് ഈ വർഷം മാർച്ച് മാസത്തോടെ നടപ്പാക്കും.

കയർ വ്യവസായത്തിന്റെ കയറ്റുമതിക്ക് ഊന്നൽ നൽകി കേന്ദ്ര സർക്കാർ ആലപ്പുഴ ജില്ലക്കായി Industrial Infrastructure Upgradation Scheme പ്രകാരം അനുവദിച്ച 56.8 കോടി രൂപയിൽ 14.2 കോടി രൂപ അനുവദിച്ചത് വിവിധ മേഖലയിലുള്ള വ്യവസായ യൂണിറ്റുകൾക്ക് നൽകാനുള്ള പദ്ധതി പൂർത്തിയായി. ഈ പദ്ധതി പൂർത്തിയാകുമ്പോൾ 23000 പേർക്ക് പ്രത്യക്ഷമായും അത്രയും പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാകും.

വയലാറിലും പെരുമണ്ണിലും ഓരോ കയർ ഗ്രാമങ്ങൾ സ്ഥാപിക്കാൻ 29 ലക്ഷം രൂപ വീതം നൽകി. ലഭ്യമായ വിഭവങ്ങളും സ്രോതസ്സുകളും ഉപയോഗിച്ച് ഗ്രാമത്തെ സ്വയംപര്യാപ്തമാക്കാനായി ലക്ഷ്യമിട്ടിട്ടുള്ള ഈ പദ്ധതി ടൂറിസം വകുപ്പുമായി ബന്ധപ്പെടുത്തും. 600 പേർക്ക് പ്രത്യക്ഷമായി കൂടുതൽ തൊഴിൽ നൽകാനുതകുന്ന രണ്ട് പദ്ധതികൾക്കും തുടക്കം കുറിച്ചു.

കയർ മുവസ്ത്ര വികസനം ലക്ഷ്യമിട്ട് 419 ലക്ഷം രൂപയുടെ കയറ്റുമതി ലക്ഷ്യമിട്ടുകൊണ്ടുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ചെറുകിട കയർ ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങൾക്കായുള്ള പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതി നടപ്പിലാക്കിവരുന്നു.

ഗുണനിലവാരം ഉയർത്തുന്നതിനായി കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് സഹായം നൽകി. സഹകരണ സംഘങ്ങളിലെ ഉൽപ്പന്നങ്ങൾ ആകർഷകമാക്കുന്നതിനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സാദ്ധ്യമായി.

മാർക്കറ്റ് ഓറിയന്റഡ് പ്രൊഡക്ട് ഡവലപ്പ്മെന്റ് പദ്ധതി പ്രകാരം കയർ കോർപ്പറേഷനിലും കയർഫെഡിലും ഫോം മാറ്റിംഗ്സ് ഇൻഡ്യാ ലിമിറ്റഡിലും പവർലൂമുകളും മറ്റ് ആധുനിക യന്ത്രങ്ങളും സ്ഥാപിക്കുന്നതിനും, കയറിന് Brand

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കുന്നതിനും മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് ഗുണമേന്മ അംഗീകാരം ലഭ്യമാക്കുന്നതിനും സ്വയം സഹായ സംഘങ്ങൾക്കും മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ഫിനിഷിങ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങൾ വഴി കയറിന്റേയും കയറുൽപ്പന്നങ്ങളുടേയും വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി ഉൽപ്പാദന വിപണന പ്രോത്സാഹനം (Production Marketing Incentive) എന്ന പദ്ധതി ആവിഷ്ക്കരിച്ചു കഴിഞ്ഞു. ഇത് ഈ മേഖലയിലെ മുഴുവൻ കയറുൽപ്പാദകർക്കും സഹായമാകും.

കയർ മേഖലയിലെ വികസനത്തിന് innovation നടത്തുന്നതിനും പുതിയ ഉൽപ്പന്നങ്ങൾ/മെഷിനറികൾ തുടങ്ങിയവ കണ്ടുപിടിക്കുന്നവരേയും പ്രോത്സാഹിപ്പിക്കാൻ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കും.

ICDP പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾ മുഖേന നൽകിയ യന്ത്രവൽകൃത റാട്ടുകളും ചകിരിമില്ലുകളും പ്രവർത്തനക്ഷമമാക്കുന്നതിനും നഷ്ടപ്പെട്ട തൊഴിലവസരങ്ങൾ വീണ്ടും ലഭ്യമാക്കുന്നതിനും വിവിധ പദ്ധതികൾ നടപ്പിലാക്കും.

കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച റിജനറേഷൻ ഓഫ് ട്രഡീഷണൽ ഇൻഡസ്ട്രീസ് എന്ന പദ്ധതി പ്രകാരം 4 ക്ലസ്റ്ററുകൾ തുടങ്ങും. കയർ തൊഴിലാളികളുടെ വിവിധ ക്ഷേമ പ്രവർത്തനങ്ങൾ കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പിലാക്കും. ഏകദേശം 60,000 തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

കേന്ദ്ര പദ്ധതിയായ Production Enhancement Linked Coir Workers Welfare എന്ന പദ്ധതിയും ഈ വർഷത്തിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതിയാണ്. 10 ലക്ഷം രൂപ ആണ് ഓരോ cluster-ലും ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്. കയർ തൊഴിലാളികൾക്കു വേണ്ടിയുള്ള Common Facility-യാണ് പദ്ധതി പ്രകാരം നിർമ്മിക്കുന്നത്. കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി, പെരുമൺ, ആലപ്പുഴ ജില്ലയിലെ വൈക്കം, പട്ടണക്കാട്, കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, കണ്ണൂർ ജില്ലയിലെ നീലേശ്വരം എന്നീ സ്ഥലങ്ങളാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

കയർ തൊഴിലാളികൾക്ക് ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് 5000 രൂപ വരെ തിരിച്ചുകിട്ടുന്ന ഒരു Welfare Insurance Scheme അടുത്ത വർഷം മുതൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനുവേണ്ട തുക അടുത്ത വർഷത്തെ Annual Plan-ൽ വകയിരുത്താൻ ആവശ്യപ്പെട്ടിട്ടുണ്ട്.

Industrial Cluster Development Programme-ൽ ഉൾപ്പെടുത്തി 20 ക്ലസ്റ്ററുകൾ സംസ്ഥാന സർക്കാർ അടുത്ത 2 വർഷത്തിനുള്ളിൽ സംസ്ഥാനത്ത് രൂപീകരിച്ച് നടപ്പിലാക്കും.

GPM. 2/153/2013—44

LIBRARY ARCHIVES Kerala Legislative Assembly